# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:264** 07.11.2019-ൽ മറുപടിയ്ക്ക്

## പുനർഗേഹം സമഗ്ര തീരദേശ പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.കെ. ദാസൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വേലിയേറ്റ പരിധിയിൽ നിന്നും അൻപത് മീറ്ററിനുള്ളിലുള്ള വീടുകളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനായി പുനർഗേഹം സമഗ്ര തീരദേശ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) ഉണ്ട്. കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. ഫിഷറീസ് വകുപ്പ് ഈ മേഖലയിൽ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും തീരദേശത്ത അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പദ്ധതി സർക്കാർ പരിഗണനയിലാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 8487 പേരെയും രണ്ടും മൂന്നും ഘട്ടങ്ങളിൽ 5099 പേരെയും വീതവും പുനരധിവസിപ്പി |

ക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം ഇത്രയും ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിന് ഒരു കുടുംബത്തിന് 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങാൻ 6 ലക്ഷവും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപ ധനസഹായമായി അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| ബി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | ബി) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 1) 2016-17 കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജിന് 25 കോടി രൂപ ഭരണാനുമതി നൽകി. ഇതു പ്രകാരം 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലംവാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം. 2) 2017-18 വർഷം ഭവന പദ്ധതി തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. 750 പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. 3) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചു കൈമാറി നൽകിയിട്ടുണ്ട്. 4) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി (2017-18) - ൽ 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളോട് അടുത്ത് എന്നാൽ തീരത്തുനിന്നും സുരക്ഷിതമായ ദൂരത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീട് വച്ചു നൽകുന്നതിന് നടത്തുന്ന | സി) അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തവരുമായവർക്ക് ഭവന നിർമ്മാണ |

പ്രവർത്തനങ്ങളുടെ പുരോഗതി എന്തെന്നറിയിക്കാമോ;

ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ലൈഫ്മിഷൻ സർവ്വേ പ്രകാരം കണ്ടെത്തിയ 1220 മത്സ്യത്തൊഴിലാളികൾ ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 528 പേർക്ക് സംസ്ഥാന പദ്ധതി വിഹിതമായ 1 ലക്ഷം രൂപാ വീതം ഫിഷറീസ് വകുപ്പിൽ നിന്നും 5.28 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിലൂടെ ഭവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ലൈഫ് മിഷനിൽ നൽകിയിട്ടുണ്ട്.

1) ഫിഷറീസ് വകുപ്പിൽ നിന്നും ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 3320 പേരുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

2) ഭൂരഹിത ഭവന രഹിതരായ 5842 മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

ഡി) മത്സ്യത്തൊഴിലാളികൾക്കായി ലൈഫ് മിഷൻ മാനദണ്ഡത്തിൽ ഉചിതമായ ഇളവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഡി) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്കായി ലൈഫ് മിഷൻ മാനദണ്ഡത്തിൽ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ